പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 40 8.6.2015 ൽ മറുപടിയ്ക്ക്

# ജനസമ്പർക്ക പരിപാടി

ചോദ്യം
ശ്രീ.ആർ.രാജേഷ്

മറുപടി
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ 3-ാം ഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകൾ എത്രയെന്നും ആയതിൽ തീർപ്പാക്കിയവ എത്രയെന്നും തീർപ്പാക്കാത്തവ എത്രയെന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ; | എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ 3-ാം ഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ ആകെ 29,205 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 10,952 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. 18,253 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. |
| ബി) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി എത്രപേർക്ക് എത്ര തുക ചികിത്സാ സഹായമായും ഇതര വിഭാഗത്തിലും നൽകിയിട്ടുണ്ടെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഓൺലൈൻ മുഖാന്തിരം ലഭിച്ച 2,306 അപേക്ഷകർക്ക് 1,76,86,000 രൂപയും ജനസമ്പർക്ക പരിപാടി ദിവസം മുഖ്യമന്ത്രി നേരിൽ കേട്ട ഓൺലൈൻ അപേക്ഷകർക്ക് 53,55,000 രൂപയും ജനസമ്പർക്ക പരിപാടി ദിവസം നേരിട്ടെത്തിയ അപേക്ഷകർക്ക് 7,86,99,000 രൂപയും നൽകിയിട്ടുണ്ട. മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. |
| സി) 2015- ലെ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച വികസന പദ്ധതികൾ ഏതൊക്കെയാണ്; കഴിഞ്ഞ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ച വികസന പദ്ധതികൾ ഏതൊക്കെയാണ്; നിലവിൽ പ്രസ്തുത പദ്ധതികളുടെ സ്ഥിതി വ്യക്തമാക്കുമോ ? | സി) 21 പദ്ധതികൾ പ്രഖ്യാപിച്ചു. ആയതിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.കഴിഞ്ഞ ജനസമ്പർക്ക പരിപാടികളിൽ വികസന പദ്ധതികൾ പ്രഖ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ആലപ്പുഴ ജില്ലയിൽ പ്രഖ്യാപിച്ച പദ്ധതികൾ

ആലപ്പുഴ ജില്ലയുടെ അടിയന്തിര പ്രശ്നങ്ങൾക്ക് പരിഹാരമായി 21 പദ്ധതികൾ പ്രഖ്യാപിച്ചു. കടലാക്രമണത്തിൽ നിന്ന് തീരത്തെ സംരക്ഷിക്കുന്നതിനു മാത്രമായി 131.64 കോടി രൂപയുടെ പദ്ധതി ഇതിലുണ്ട്. ജില്ലയുടെ 79 കിലോമീറ്റർ തീരപ്രദേശത്ത് സ്ഥിരമായ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി അനുവദിച്ച 46.39 കോടി രൂപ ഉൾപ്പെടെയാണിത്. പുറക്കാട്ടും അർത്തുങ്കലും കടൽ ഭിത്തി നിർമ്മാണത്തിന് പ്രത്യേക പദ്ധതികളുണ്ട്. ഇതിനു പുറമേ ഹരിപ്പാട്, ആറാട്ടുപുഴ കടലാക്രമണ സംരക്ഷണ പ്രവൃത്തികൾ ഉടൻ തുടങ്ങും. ഇത് സംബന്ധിച്ച് വിദഗ്ധ പഠനം നടത്തുന്ന ചെന്നൈ ഐഐ.ടിക്ക് 65 ലക്ഷം രൂപ നൽകും. കോമളപുരം സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിക്കുന്നതിനായി 5.9 കോടി രൂപ നൽകും. കമ്പനി വേഗം തുറക്കാൻ നടപടിയെടുക്കും. കെ.എസ്.ഡി.പി.യിൽ നിന്ന് ആരോഗ്യ വകുപ്പ് കൂടുതൽ മരുന്നുകൾ വാങ്ങും. നവീകരണം കഴിഞ്ഞ് തുറക്കുന്ന മലബാർ സിമന്റ് കമ്പനിയിൽ നിന്ന് അന്നു തന്നെ വിൽപ്പനയും തുടങ്ങും. കിടപ്പാടമില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി ജില്ലാകളക്ടർ അധ്യക്ഷനായി 'ഭവന ഭാരതം' സഹകരണ സംഘം രൂപികരിക്കും. സന്നദ്ധ സംഘടനകളിൽ നിന്നും കമ്പനികളുടെ സാമൂഹിക ഉത്തരവാദിത്തനിധിയിൽ നിന്നും ഫണ്ട് സമാഹരിച്ച് പദ്ധതി നടപ്പിലാക്കും. ശബരിമലയുടെ ഇടത്താവളമായ ചെങ്ങന്നൂരിന്റെ സമഗ്രവികസനത്തെ ശുപാർശ ചെയ്യാൻ നഗര വികസന മന്ത്രാലയം വിദഗ്ധ സമിതി ചുമതലപ്പെടുത്തി. കടലാക്രമണം മൂലം വീടുകൾ നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെ വീണ്ടും വീട് വച്ചു നൽകും. ഇക്കാര്യത്തിൽ നിലവിലുള്ള നിബന്ധനകളിൽ ഇളവു വരുത്തും. ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മുഴുവൻ പ്രവേശനം നൽകിയതിനുശേഷം ബാക്കിയാവുന്ന സീറ്റുകളിൽ മറ്റുള്ളവർക്കും പ്രവേശനം നൽകും. എന്നാൽ ഇത്തരത്തിൽ പ്രവേശിക്കപ്പെടുന്നവരെ മത്സ്യത്തൊഴിലാളികൾക്കുള്ള മറ്റ് ആനുകൂല്യങ്ങൾക്കൊന്നും പരിഗണിക്കില്ല. പുറക്കാട്, പുന്നപ്ര മേഖലയിൽ കടലാക്രമണത്തിൽ വീട് നഷ്ടമായ 20 കുടുംബങ്ങൾക്ക് തോട്ടപ്പള്ളിയിലെ സർക്കാർ ഭൂമിയിൽ മൂന്ന് സെന്റ് വീതം നൽകും. ഫിഷറിസ്

...2

വകുപ്പിന്റെ ധനസഹായത്തോടെ ഇവർക്ക് വീട് നിർമ്മിച്ച നൽകും. കൊല്ലം-കോട്ടപ്പുറം ജലപാത കമ്മീഷൻ ചെയ്യുന്നതിന് മുന്നോടിയായി കായംകുളം കായലിലെ ചീനവലകൾ മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ നീക്കം ചെയ്യും. കായംകുളം പൊഴിയിലെ മണ്ണ് നീക്കം ചെയ്യാൻ 50 ലക്ഷം രൂപ അനുവദിച്ചതായും ആലപ്പാട് ആറാട്ടുപ്പുഴ ജങ്കാർ സർവീസ് ഉടൻ തുടങ്ങുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. തുറവൂർ മേഖലയിലെ 1,500 പടക്ക നിർമ്മാണ തൊഴിലാളികളുടെ സംരക്ഷണവും തൊഴിലും ഉറപ്പാക്കാനായി ശിവകാശി മാതൃകയിൽ സബ് കളക്ടറുടെ നേതൃത്വത്തിൽ സഹകരണ സംഘം സ്ഥാപിക്കും. കൊയ്ത്തുമെതിയന്ത്രം ആവശ്യത്തിനില്ലെന്നുള്ള പരാതിയുള്ള കുട്ടനാടൻ കൃഷിമേഖലയ്ക്ക് പുതിയ 50 മെതിയന്ത്രം കൂടി വാങ്ങും. നിലവിൽ കെയ്ക്കോയുടെ പക്കലുള്ള 45 യന്ത്രം പാടശേഖര സമിതിക്ക് കൈമാറുമെന്നും പമ്പിംഗ് സബ്സിഡി കുടിശികയായുള്ള 4.5 കോടി രൂപ ഉടൻ അനുവദിക്കുമെന്നും പ്രഖ്യാപനമുണ്ടായി. നെല്ല് സംഭരണത്തിൽ ഏപ്രിൽ മുതലുള്ള കുടിശിക എത്രയും വേഗം കൊടുത്തുതീർക്കും. 1.30 രൂപ നൽകി തൊണ്ട് സംഭരണം നടത്തുമെന്നും തൊഴിലാളികൾക്ക് കൂടി പ്രയോജനം ലഭ്യമാക്കും വിധമായിരിക്കും പദ്ധതി നടപ്പാക്കുകയെന്നും, കുഞ്ചൻ നമ്പ്യാർ സ്മാരകം, 29 കോടി രൂപയുടെ മുണ്ടക്കൽ പാലത്തിനുള്ള ഭരണ -സാങ്കേതികാനുമതി ഗുണ നിലവാരമുള്ള കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും എന്നിവയും മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിലുണ്ട്. കുടിവെള്ളം കൊണ്ടുപോകുന്ന പദ്ധതിയിലെ കരാറുകാരുടെ 16 കോടി രൂപയുടെ കുടിശിക ഉടൻ നൽകും. ആറാട്ടുപുഴ സുനാമി പ്രവർത്തനത്തിന്റെ അവസാന ഘട്ടത്തിനായി ജില്ലാ കളക്ടർ നൽകിയ 11.03 കോടി രൂപയുടെ പദ്ധതിയും നേരേകടവ് പാലം നിർമ്മാണവും സർക്കാരിന്റെ പരിഗണയിലാണ്.

സാമൂഹ്യമാറ്റത്തിന് നാന്ദികുറിച്ച ആർ ബ്ലോക്കിലെ ഭൂമി വിതരണത്തിൽ ഉണ്ടായ പ്രശ്നത്തിന് ശാശ്വത പരിഹാരം മുഖ്യമന്ത്രി പ്രഖ്യാപിച്ചു. നേരത്തെ ആർ ബ്ലോക്കിൽ 217 പേർക്ക് മിച്ചഭൂമിയായി എടുത്ത് നൽകിയ ഭൂമി അവർ പോലുമറിയാതെ നഷ്ടപ്പെട്ടിരുന്നു. എല്ലാ നിയമനടപടികളും പാലിച്ച് സർക്കാർ ആ ഭൂമി തിരിച്ചെടുക്കുകയും അർഹരായ 217 പേർക്ക് തിരികെ നൽകുകയും ചെയ്യുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി.

[signature]

സെക്ഷൻ ഓഫീസർ